# എം.ആർ.ആർ.എം.എച്ച്.എസ്.എസ്

**2025 - 2026**

# മാസ്റ്റർ പ്ലാൻ

നാനാഭാഗത്തുനിന്നും ഉൽകൃഷ്ടങ്ങളായ
വിചാരങ്ങൾ മാത്രം ഞങ്ങളിൽ
പ്രവേശിക്കേണമേ!

# സ്കൂൾ വിദ്യാഭ്യാസപദ്ധതി

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എം.ആർ.ആർ.എം.എച്ച്.എസ്.എസ് ചാവക്കാട് |
| ഗവൺമെന്റ് / എയ്ഡഡ് | : | ചാവക്കാട് |
| ബി.ആർ.സി | : | ചാവക്കാട് |
| ഉപജില്ല | : | ചാവക്കാട് |
| മുനിസിപ്പാലിറ്റി | : | ചാവക്കാട് |
| സ്കൂൾ കോഡ് | : | 24047 |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി സന്ധ്യ .എം |
| ഫോൺ നമ്പർ | : | 0487 2507008 |
| ഇ മെയിൽ | : | mrrmhs@gmail.com |
| സ്കൂൾ മാനേജർ | : | ശ്രീ. എം.യു. ഉണ്ണികൃഷ്ണൻ |
| പി.ടി.എ പ്രസിഡന്റ് | : | ശ്രീമതി ഷൈബി വത്സൻ |

**ഉള്ളടക്കം**

1. ആമുഖം
2. സ്കൂൾ സ്റ്റാഫ്
3. കുട്ടികളുടെ എണ്ണം
4. പാഠ്യപാഠ്യേതര നേട്ടങ്ങൾ
5. മികവുകൾ
6. ഭൗതിക സാഹചര്യങ്ങൾ
7. അക്കാദമിക് പ്ലാൻ - LP, UP, HS, HSS
8. റിസോഴ്സ് ടീച്ചർ
9. ഉപസംഹാരം

**ആമുഖം**

കുന്നംകുളം കേന്ദ്രമായി പ്രവർത്തിരുന്ന ചർച്ച് മിഷൻ സൊസൈറ്റിയുടെ ഒരു മിഷനറിയായിരുന്ന എഫ്. ബവ്വർ എന്ന ഇംഗ്ലീഷുകാരൻ 1887 നോട് അടുപ്പിച്ച് കൂട്ടുങ്ങൽ സ്ഥാപിച്ച മിഷൻ സ്കൂൾ എന്ന വിദ്യാലയമാണ് ഇന്നത്തെ എം.ആർ.ആർ.എം.എച്ച്.എസ്.എസ്.

ചർച്ച് മിഷൻ സൊസൈറ്റി 1941 ൽ സ്കൂളിന്റെ മാനേജ്മെന്റ് അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. സി.കെ ജോൺ മാസ്റ്ററുടെ നേതൃത്വത്തിൽ സ്റ്റാഫിന് വിട്ടുകൊടുത്തു. അക്കാലത്ത് വിവേകോദയം സ്കൂൾ എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. ഗവ. നിന്ന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതിരുന്ന അധ്യാപകർ സ്കൂൾ സാമ്പത്തിക ശേഷിയുള്ള ആരെയെങ്കിലും ഏൽപ്പിക്കണമെന്നാഗ്രഹിച്ചിരുന്ന കാലത്താണ് ചാവക്കാട് ധനാഢ്യനായിരുന്ന എം.ആർ രാമന്റെ പേരിൽ അദ്ദേഹത്തിന്റെ വീട്ടുകാർ ഏറ്റെടുത്തു. ശ്രീ. എം.യു ഉണ്ണികൃഷ്ണൻ അവർകളാണ് ഇപ്പോൾ ഈ സ്കൂളിന്റെ മാനേജർ. സ്കൂളിന്റെ പരിമിതികളെ ഒന്നൊന്നായി തരണം ചെയ്ത് ചാവക്കാടിന്റെ ഹൃദയഭാഗത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനമാക്കി ഈ സ്കൂളിനെ മാറ്റി തീർത്തിരിക്കുകയാണ്.

അഭിമാനാഹർമായ രീതിയിലുള്ള ഒരു പഠനാന്തരീക്ഷം ഇവിടെ നിലനിൽക്കുന്നു. ഏകദേശം രണ്ടായിരത്തോളം കുട്ടികളാണ് ഈ സരസ്വതീ ക്ഷേത്രത്തിൽ വിദ്യ അഭ്യസിക്കുന്നത്. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി സന്ധ്യടീച്ചറും പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ശ്രീമതി എം.ഡി ഷീബ ടീച്ചറും ആണ്. ഹയർ സെക്കന്ററിയിലും ഹൈസ്കൂളിലുമായി 63 അധ്യാപകരും 6 അനധ്യാപകരും ജോലി നോക്കുന്നു.

തീരദേശ മേഖലയിലെ കുട്ടികളാണ് ഈ സ്കൂളിന്റെ ഭൂരിഭാഗവും. ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്ന കുട്ടികളുടെ ചികിത്സാ ചെലവുകളും സ്കൂൾ ഏറ്റെടുത്ത് നടത്തിവരുന്നു.

സ്കൂളിന്റെ എടുത്തുപറയേണ്ട മറ്റൊരു വസ്തുത മികച്ച രീതിയിലുള്ള നഴ്സറിയാണ്. ഒരു ടീച്ചറും ഒരു ആയയും ഈ വിഭാഗത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

## 2025 – 2026 വർഷത്തിലെ വിദ്യാർത്ഥികളുടെ എണ്ണം

| CLASS | Divisions | Boys | Girls | Total |
|---|---|---|---|---|
| I | 2 | 32 | 33 | 65 |
| II$^{nd}$ | 2 | 35 | 38 | 73 |
| III$^{rd}$ | 2 | 40 | 36 | 76 |
| IV $^{th}$ | 3 | 59 | 24 | 83 |
| **LP Total** | | **166** | **131** | **297** |
| V th | 5 | 94 | 61 | 155 |
| VI th | 5 | 96 | 50 | 146 |
| VII th | 6 | 107 | 72 | 179 |
| **UP Total** | | **297** | **183** | **480** |
| VIII th | 5 | 154 | 116 | 270 |
| XI th | 5 | 163 | 99 | 262 |
| X th | 6 | 147 | 92 | 239 |
| **HS G/T** | | **464** | **307** | **771** |

| | | | | |
|---|---|---|---|---|
| HSS +1 | 2 | 43 | 77 | 120 |
| HSS +2 | 2 | 39 | 79 | 118 |

## അധ്യാപകരുടെ എണ്ണം

| | | |
|---|---|---|
| HM and Principal incharge | - | 2 |
| LPSA | - | 9 |
| UPSA | - | 19 |
| HSA | - | 24 |
| HSST | - | 11+2 |

## അനധ്യാപകർ

| | | |
|---|---|---|
| Clerk | - | 1 |
| OA | - | 2 |
| FTM | - | 1 |

## നേഴ്സറി

| | | |
|---|---|---|
| ടീച്ചർ | - | 1 |
| ആയ | - | 1 |

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി **റിസോഴ്സ് ടീച്ചറുടെ** സേവനം. വ്യത്യസ്ഥ കഴിവുകളുള്ള കുട്ടികളുടെ രീതികൾ പൂർണ്ണമായി മനസ്സിലാക്കുകയും മറ്റ് സഹപഠിതാക്കളോട് അവരെ ഉൾക്കൊള്ളാനുള്ള മാർഗ്ഗനിർദ്ദേശം നൽകാനും പ്രത്യേകമായ റിസോഴ്സ് ടീച്ചറുടെ സേവനം ലഭ്യമാണ്.

- ക്ലാസ് റൂം പ്രവർത്തനത്തിൽ ഉപരിയായി ഓരോ കുട്ടികൾക്കും പ്രത്യേകമായി സമയം കണ്ടെത്തി പരിശീലനം നൽകുന്നു.
- CWSN കുട്ടികളുടെ പ്രത്യേക സ്വഭാവങ്ങളെ ഒരുപരിധിവരെ മാറ്റിനിർത്തിക്കൊണ്ട് അവരെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.
- രക്ഷിതാക്കൾക്ക് കുട്ടികളെ മനസ്സിലാക്കാനുള്ള നിർദ്ദേശം കൊടുക്കുന്നു.
- ഓരോരുത്തർക്കും വേണ്ട AIDS & APPLIANCE ഏതെന്ന് കണ്ടെത്തുന്നു.

**പാഠ്യപാഠ്യേതര നേട്ടങ്ങൾ**

- School Protection Club
- Student Police Cadet
- JRC
- Little Kites
- Scout and Guide
- Bulbul
- Karate
- Spoken English Class
- NSS

**മികവുകൾ**

- സ്മാർട്ട് ക്ലാസ് റൂമുകൾ
- സ്കൂൾ ബസ്
- സയൻസ് ലാബ്
- കമ്പ്യൂട്ടർ ലാബ്
- ലൈബ്രററി
- സ്കൂൾ ഗ്രൗണ്ട്
- ബുള്ളറ്റിൻ ബോർഡ്
- സ്കൂൾ പത്രം
- വായനമൂല
- പാർക്കിംഗ് സൗകര്യം
- സ്കൂളിലും പരിസരങ്ങളിലും സി.സി.ടി.വി ക്യാമറ നിരീക്ഷണം
- എൽ.പി കുട്ടികൾക്കുള്ള പാർക്ക്
- ലേഡീസ് ടോയിലറ്റിനോട് ചേർന്നുള്ള ഇൻസിനേറ്റർ
- 250 ഓളം കുട്ടികൾക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കുവാൻ സൗകര്യമുള്ള ഊട്ടുപുര

## അക്കാദമിക് പ്ലാനിംഗ് എൽ.പി & യു.പി

**ലക്ഷ്യം**

കുട്ടികളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനും പദനിർമ്മാണത്തിനും ലഘുവാക്യങ്ങൾ എഴുതുന്നതിനും നിർമ്മിക്കുന്നതിനും

പ്രവർത്തനങ്ങൾ

1. **പ്രീ – ടെസ്റ്റ്**

   രണ്ടുമുതൽ നാലുവരെ ക്ലാസ്സുകളിൽ കുട്ടികൾക്ക് പ്രീ – ടെസ്റ്റ് നടത്തുന്നു.

2. **അക്ഷരകാർഡുകൾ, ചിഹ്നങ്ങളുടെ കാർഡുകൾ**

   മലയാള അക്ഷരങ്ങൾ കുട്ടികളെ ആകർഷിക്കുന്ന വിധത്തിൽ കാർഡുകൾ നിർമ്മിക്കുന്നു. ഇതേ രീതിയിൽ ചിഹ്നങ്ങളുടെ കാർഡുകൾ നിർമ്മിക്കുന്നു.

3. **അക്ഷരം ഉറപ്പിക്കൽ**

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

4. **അടയാളം ഉറപ്പിക്കൽ**

   ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

5. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.

6. **കഥ ബാക്കി പറയൽ, എഴുതൽ**

   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു, എഴുതിക്കുന്നു.

   ആശയങ്ങളുടെ സ്പഷ്ടീകരണം :- വാക്കുകളിൽ നിന്ന് വാചകങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. മാതൃഭാഷയിലുള്ള പ്രസംഗപരിശീലനം മറ്റുള്ളവർ കേൾക്കുന്നു.

7. **ഐ.സി.ടി.**

   ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു.

**8. ബാലപ്രസിദ്ധീകരണങ്ങൾ**

വായന, കുറിപ്പ് തയ്യാറാക്കൽ

**9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനങ്ങൾ

**10. പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന - എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

**11. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**12. ഭൗതികസാഹചര്യങ്ങൾ**

- പാഠപുസ്തകങ്ങൾ
- വായന കാർഡുകൾ
- സി.ഡി
- ചാർട്ട്
- സ്കെച്ച്
- സാന്റ് ട്രെ
- ബാലപ്രസിദ്ധീകരണങ്ങൾ
- പത്രം

**പിന്തുണ**

- എസ്.എസ്.എ
- ബി.ആർ.സി
- പി.ടി.എ

## ഗണിതശാസ്ത്രം

ലക്ഷ്യം :- എണ്ണൽ എന്ന ഗണിതാശയം, സംഖ്യാബോധം രൂപീകരിക്കൽ

പ്രവർത്തനങ്ങൾ

- എണ്ണാൻ പഠിപ്പിക്കുന്നത്, എണ്ണങ്ങൾ തിരിച്ചറിയുന്നത്, വസ്തുക്കൾ ഉപയോഗിച്ച് നിശ്ചിത എണ്ണം തെരഞ്ഞെടുക്കുന്നത്, ചിത്രങ്ങളിൽ നിന്ന് എണ്ണം അറിയുന്നതിന്, അക്കങ്ങൾ എഴുതുന്നതിന്.

പിന്തുണ :- എല്ലാ അധ്യാപകരും

- കൂട്ടലുകളും കുറയ്ക്കലുകളും അറിയുന്നതിന്, അടിസ്ഥാന ജാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിന്.

**പ്രവർത്തനങ്ങൾ:**

സബ്ജക്ട് കൗൺസിൽ കൂടി പ്രവർത്തനങ്ങൾ അധ്യാപകർ കണ്ടുപിടിക്കട്ടെ.

അടിസ്ഥാന ജാമിതീയ രൂപങ്ങളായ ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നിവയെ പരിചയപ്പെടുത്തണം.

പിന്തുണ - പി.ടി.എ, അധ്യാപകർ

- ഗുണനക്രിയ, മന:ക്കണക്കുകൾ എന്നിവ മനസ്സിലാക്കൽ

**പ്രവർത്തനങ്ങൾ:**

കുട്ടികൾ ക്രിയ ചെയ്ത് പരിശീലിക്കുന്നു. മനക്കണക്കുകളും പ്രായോഗിക പ്രവർത്തനങ്ങളും നൽകുന്നു.

## കുട്ടികളെ മികച്ച വായനക്കാരാക്കുക.

**പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്**

**ഗ്രൂപ്പ് പ്രവർത്തനം**

- അക്ഷരകാർഡുകൾ ചേർത്തു വച്ച് വാക്കുകൾ നിർമ്മിച്ച് വായിക്കുക - എഴുതുക.
- വായന കാർഡുകൾ ചേർത്തു വച്ച് വാചക നിർമ്മാണം, വായന, രേഖപ്പെടുത്തൽ
- കഥയുടെ വാചകങ്ങൾ എഴുതിയ സ്ലിപ്പുകൾ നൽകി വായിച്ച് ഗ്രൂപ്പായി കഥ ക്രമീകരിക്കൽ, കഥാവായന - കഥാ ചാർട്ട് തയ്യാറാക്കൽ.

ആസ്വാദക വായന

- പ്രത്യേക അക്ഷരങ്ങൾ വരുമ്പോൾ കൈപിടിച്ച് വായന പ്രോത്സാഹിപ്പിക്കൽ
- കഥയുടെ ഭാഗങ്ങൾ സ്ലിപ്പുകളുമായി ചേർത്ത് വയ്ക്കൽ - വായന

**ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

- ചിത്രകഥാ വായന
- കഥാവായന
- ഗ്രൂപ്പ് വായന
- കഥ പൂർത്തിയാക്കൽ

**പത്രവായന**

പത്രങ്ങളിലെ പ്രാധാനവാർത്തകൾ ശേഖരിച്ച് വായിക്കൽ

**മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്**

**പ്രവർത്തനങ്ങൾ വ്യക്തിഗതം**

- ലേഖനങ്ങൾ ശാസ്ത്രമാസികകൾ, കവിത, കഥ, നോവൽ എന്നീ പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ - പരസ്പരം കൈമാറൽ
- വയനാക്കുറിപ്പ്, പതിപ്പ് തയ്യാറാക്കൽ
- അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തൽ
- അമ്മ വായന വീടുകളിൽ അമ്മമാരുടെ വായന പ്രോത്സാഹിപ്പിക്കൽ

- വായിച്ച പുസ്തകങ്ങൾ ക്ലാസ്സ് പി.ടി.എ.യിൽ ചുരുക്കി അവതരിപ്പിക്കൽ

പത്രവായന

- ക്ലാസ്സിലും അസംബ്ലിയിലും പത്രവായന
- പത്രവായന മത്സരം - സമ്മാനർഹരായവരെ പ്രോത്സാഹിപ്പിക്കൽ
- പത്ര ക്വിസ്സ്

| ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ | സാമ്പത്തികം |
|---|---|
| ♦ ക്ലാസ്സ് ലൈബ്രറി വികസനം - പി.ടി.എ, വിദ്യാർത്ഥികൾ | 1,00000 |
| ♦ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കൽ | |
| ♦ അടുത്തുള്ള ഗ്രന്ഥശാലയുമായി ഒത്തുചേരൽ | |
| ♦ വായനമുറി | 10000 |
| ♦ വായനമൂല | |
| ♦ ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ | |

പിന്തുണ :- പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, മറ്റ് സന്നദ്ധരായ വ്യക്തികൾ

## എച്ച്. എസ്, വിഭാഗം

പൊതുലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും കഴിവുണ്ടെന്ന് ഉറപ്പ് വരുത്തൽ.

2. ഭാഷാപരമായ ജ്ഞാനം, ഗണിതജ്ഞാനം എന്നിവ ഓരോ ക്ലാസ്സിലും നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തൽ.

3. വായനയെ പ്രോത്സാഹിപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണം.

4. എല്ലാ വിഷയത്തിലും അവഗാഹം ഉണ്ടാക്കൽ

## അക്കാദമിക പ്രവർത്തന ആസൂത്രണം

**ഭാഷാ :-**

**വായന** :- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പാക്കണം

- ♦ എല്ലാ കുട്ടികളും ആശയവ്യക്തതയോടെ എഴുതുന്നു.
- ♦ ഇംഗ്ലീഷിലും ഹിന്ദിയിലും എഴുതാനും വായിക്കാനും ആശയവിനിമയം നടത്തുവാനും ഉള്ള കഴിവ് ഉണ്ടാകണം
- ♦ ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

1. **പത്രവായന** :- ക്ലാസ്സിൽ, അസംബ്ലിയിൽ വായിക്കുന്നു. ലൈബ്രറിയുടെ ഉപയോഗം
2. കുട്ടികളുടെ ആകാശവാണി

   ഉച്ചയ്ക്ക് ഇടവേളകളിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക നാട്ടുവാർത്തകൾ, അറിയിപ്പുകൾ, പ്രഭാഷണങ്ങൾ എന്നിവ നടത്തൽ.

- ♦ മലയാളത്തിളക്കം, ശ്രദ്ധ, നവപ്രഭ മുതലായ പദ്ധതികൾ മെച്ചപ്പെടുത്തൽ
- ♦ പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്ക്കാരം, നാടകാവിഷ്ക്കാരം, കവിതാലാപനം തുടങ്ങിയവ നടത്തൽ
- ♦ പതിപ്പുകൾ തയ്യാറാക്കൽ.
- ♦ ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾ
- ♦ ഇംഗ്ലീഷിൽ ആശയാവിഷ്ക്കാരം
- ♦ ഇംഗ്ലീഷ് പാഠഭാഗം എല്ലാ കുട്ടികളും വായിക്കുന്നു എന്ന് ഉറപ്പാക്കണം
- ♦ ഹിന്ദിയിലും ഇതുപോലുള്ള പ്രവർത്തനങ്ങൾ
- ♦ മലയാളം - ഇംഗ്ലീഷ് കമ്പ്യൂട്ടറിംഗ്

ഭൗതിക സാഹചര്യങ്ങൾ

LCD പ്രൊജക്ടർ, ലാപ്ടോപ്പ്, റൂം സജ്ജീകരണം

| മേഖല – അക്കാദമികം | | ഉപമേഖല – ഭാഷാശേഷി വികസനം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ കുട്ടിടകൾക്കും മലയാളം അനായസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ശ്രദ്ധ, നവപ്രഭ, മലയാളത്തിളക്കം ഭാഷാപരമായ പിന്നോക്കവസ്ഥ പരിപരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. വാക്യ നിർമ്മാണം<br>4. ഭാഷപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്<br>6. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വ്യത്യസ്ത പ്രവർത്തനം | ജൂൺ 1 – 15<br>ജൂൺ 15–30 | മലയാളം ടീച്ചേഴ്സ്<br>പി.ടി.എ | |
| എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാകുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം – പുസ്തകവർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5. വായനക്കൊരു വാർഷിക പദ്ധതി. (ഓരോ ക്ലാസ്സിനും പ്രത്യേക വായന ലക്ഷ്യം) | ജൂൺ 1 – 30<br>ജൂലായ് ആഗസ്റ്റ് സെപ്തംബർ ആവശ്യമനുസരിച്ച്<br>ജൂലായ്<br>ഒക്ടോബർ | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ, പിടിഎ<br>100000<br>മലയാളം അധ്യാപകർ<br>പി.ടി.എ | |

| മേഖല – അക്കാദമികം | | ഉപമേഖല – ഭാഷാശേഷി വികസനം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | 6. സ്കൂൾ ലൈബ്രറി നവീകരണം<br>7. ജന്മദിന പുസ്തകം<br>8. വായനോത്സവം<br>9. പത്രവായന | മലയാളം ടീച്ചർ | | |
| അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുന്ന പ്രവർത്തനം | ചുറ്റുപാടുമുള്ള വസ്തുക്കളുടെ പേരെഴുതി വെച്ച് അക്ഷരത്തെറ്റ് തിരുത്തി എഴുതുവാൻ പ്രാപ്തരാക്കൽ | ജൂൺ<br>ആഗസ്റ്റ് | അദ്ധ്യാപകർ<br>പി.ടി.എ | |
| സർഗ്ഗശേഷി വികസനം | ഡയറിയെഴുതിക്കൽ, കുട്ടിക്കഥ, കവിത എഴുതിക്കൽ, പാഠപുസ്തകത്തിലെ കവിത ചൊല്ലിക്കൽ, മത്സരം നടത്തൽ<br>സാഹിത്യ ശിൽപശാല, രചന ശിൽപശാല (കഥ, കവിത)<br>ക്ലാസ് തല പത്രം, സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ | എല്ലാമാസവും ആഴ്ചയിൽ ഒരിക്കൽ<br>എല്ലാമാസവും ഒരു തവണ | അദ്ധ്യാപകർ | |

| മേഖല - അക്കാദമികം | | | ഉപമേഖല - ഭാഷാശേഷി വികസനം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | പുസ്തകാസ്വാദനം - ഇ വായന പുസ്തക ചർച്ച, സാഹിത്യകാരനുമായി സംവദിക്കൽ അമ്മമ്മാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) ഹൈക്കു കവിത തയ്യാറാക്കൽ<br>എല്ലാ മാസവും വിലയിരുത്തൽ ടെസ്റ്റ് നടത്തൽ | ഒക്ടോബർ<br>1 - 30 | വിദ്യാ രംഗം<br>പി.ടി.എ | |

| മേഖല - അക്കാദമികം | | ഉപമേഖല - സംസ്കൃതം | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നാടകാവബോധം<br>അഭിനയപാടവം<br>സംസ്കൃത ഭാഷയുടെ ജ്ഞാനം<br>സംസ്കൃത ജാഞാനം | <u>**നാടക ശിൽപശാല**</u><br>1. സംസ്കൃത നാടകങ്ങൾ എന്നിവ കാണാനുള്ള അവസരം<br>2. നാടകത്തിലെ അഭിനയപരിശീലനം<br>3. വേദികളിൽ അവതരിപ്പിക്കൽ<br>4. നാടകോത്സവം സംഘടിപ്പിക്കൽ<br>5. വിദ്യാലയത്തിൽ സംസ്കൃത നാടക സംഘ രൂപീകരണം | ആറു മാസങ്ങളിൽ ഒരു പ്രാവശ്യം | സംസ് കൃതം അദ്ധ്യാപകർ | സംസ്കൃതം ക്ലാസ്<br>പി.ടി.എ |
| ചരിത്രപരമായ അറിവ് നേടൽ<br>സംസ്കൃത ജ്ഞാനം | <u>**സംസ്കൃത യാത്ര**</u><br>1. സംസ്കൃത ഗ്രാമങ്ങളിലേക്കുള്ള യാത്ര<br>2. സംസ്കൃത സംബന്ധമായ പ്രദേശങ്ങളുടെയും മഹാന്മാരുടെയും സ്മാരക സന്ദർശനം<br>3. കലാകേന്ദ്രസന്ദർശനം | വർഷത്തിൽ മൂന്ന് പ്രാവിശ്യം | സംസ് കൃതം അദ്ധ്യാപകർ | സംസ്കൃത കൗൺസിൽ |

| മേഖല - അക്കാദമികം | ഉപമേഖല - സംസ്കൃതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വാർത്താ ജ്ഞാനം<br>നിർമ്മാണ സാമർത്ഥ്യം<br>വാർത്താ വായന സാമർത്ഥ്യം<br>സംസ്കൃത ജ്ഞാനം | **വാർത്ത സംസ്കൃതം**<br>1. കയ്യെഴുത്ത് മാസിക നിർമ്മാണം<br>2. വാർത്ത വായന<br>3. നിർമ്മിച്ചവ അസംബ്ലിയിൽ പ്രകാശിപ്പിക്കൽ<br>4. ഐടിയിലൂടെ സംസ്കൃത വാർത്തകൾ കേൾക്കാനും കാണാനും ഉള്ള അവസരം<br>5. വാർത്താവായന പരിശീലനം (സംപ്രതി വാർത്ത) | എല്ലാ ആഴ്ച യിലും ഒരു ദിവസം<br>വർഷത്തി ലൊരിക്കൽ<br>ഒരു മാസ ത്തിൽ മൂന്ന് പ്രാവശ്യം | സംസ് കൃതം അദ്ധ്യാപ കർ | സംസ്കൃത കൗൺസിൽ |
| സംസ്കൃത സംഭാഷണ സാമർത്ഥ്യം<br>അവതരണ സാമർത്ഥ്യം<br>സംസ്കൃത ജ്ഞാനം | **സംസ്കൃത സംഭാഷണം**<br>1. സംസ്കൃതവാ താവരണം ഉണ്ടാ ക്കൽ<br>2. സിഡിയിലൂടെ സംഭാഷണം കേൾക്കുവാനുള്ള അവസരം | വർഷത്തി ലൊരിക്കൽ | സംസ് കൃതം അദ്ധ്യാപ കർ | സംസ്കൃത കൗൺസിൽ |

മേഖല - അക്കാദമികം ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത സംഭാഷണ സാമർത്ഥ്യം | 3. വേദിയിൽ സംസ്കൃതം സംസാരിക്കുവാനുള്ള അവസരം | | | |
| സാമർത്ഥ്യ സമ്പാദനം<br>സംസ്കൃ ജ്ഞാനം<br>രചന പാടവം<br>അവതരണ സാമർത്ഥ്യം | **<u>ലക്ഷ്യം സംസകൃതജ്ഞാനം അവതരണ പാടവം</u>**<br>1. സംസ്കൃതോത്സവ ഇനങ്ങളായ അഷ്ടപദി, പാഠകം, വന്ദേമാതരം, തുടങ്ങിയവ കാണുവാനുള്ള അവസരം<br>2. കലാ പരിശീലനം<br>3. വേദികളിൽ അവതരണ അവസരം<br>4. വിദ്യാലയത്തിൽ കലാസംഘ രൂപീകരണം | വർഷത്തിലൊരിക്കൽ | സംസ്കൃതം അദ്ധ്യാപകർ | സംസ്കൃത കൗൺസിൽ |

മേഖല - അക്കാദമികം ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത പഠന കേളി<br>ലളിത സംസ്കൃത പരിചയ ങ്ങൾ | **സംസ്കൃത പഠന കളികളിലൂടെ**<br>സംസ്കൃതം പറ യൽ | വർഷത്തി ലൊരിക്കൽ | സംസ് കൃതം അദ്ധ്യാപ കർ | സംസ്കൃത കൗൺസിൽ |
| സംസ്കൃത ദിനത്തിന്റെ പ്രാധാന്യം പരിചയപ്പെ ടുത്തൽ<br>സംസ്കൃ തോന്മുഖ മായ അന്ത രീക്ഷം സൃഷ്ടിക്ക കൽ | **സംസ്കൃത സെമിനാറുകൾ**<br>1. ആയുർവേദം യോഗ തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ സംഘ ടിപ്പിക്കൽ<br>2. സംസ്കൃതദിനം ഉചിതമായ രീതി യിൽ സ്കൂൾ തല ത്തിൽ ആച രിക്കൽ | വർഷത്തി ലൊരിക്കൽ | സംസ് കൃതം അദ്ധ്യാപ കർ | സംസ്കൃത കൗൺസിൽ<br>പി.ടി.എ |

മേഖല - അക്കാദമികം ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധ വെബ്സൈറ്റുകളെ കുറിച്ചുള്ള അറിവ് സമ്പാദിക്കൽ | **ഐടി സംസ്കൃതം** ഐടിയിലൂടെ സംസ്കൃത പഠനം, ഗവൺമെന്റിന്റെയും അല്ലാത്തുമായ വിവിധ സംസ്കൃത വെബ്സൈറ്റുകൾ പരിചയപ്പെടുത്തൽ | വർഷത്തിലൊരിക്കൽ | സംസ്കൃതം അദ്ധ്യാപകർ | സംസ്കൃത കൗൺസിൽ |

മേഖല - അക്കാദമികം          ഉപമേഖല - ഭാഷാപഠനം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, ഇംഗ്ലീഷ് ലൈബ്രറി, ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം, ഇംഗ്ലീഷ് അസംബ്ലി റോൾ പ്ലെ, ഇംഗ്ലീഷ് ഡെ ആചരണം, സെമിനാർ ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത്കൊറിയോഗ്രാഫി തയ്യാറാക്കി അവതരിപ്പിക്കൽ | ക്ലാസ് റൂം പ്രവർത്തനത്തോടൊപ്പം | ടീച്ചർ | ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ ഇംഗ്ലീഷ് ക്ലബ് |
| സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക, സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക. | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദ കാർഡ് നിർമ്മാണം<br>ചിത്രവായന ലഘുകഥ നിർമ്മാണം, പബ്ലിക് സ്പീക്കിംങ്, ഇംഗ്ലീഷ് പത്ര വായന, അസംബ്ലി ന്യൂസ് റീഡിംങ്, .... | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം , അസംബ്ലി | സബ്ജക്റ്റ് കൺവീനർ | ഇംഗ്ലീഷ് ക്ലബ് |

മേഖല - അക്കാദമികം ഉപമേഖല - ഭാഷാപഠനം ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാടകീകരണം | ഇംഗ്ലീഷ് അംസ്ബ്ലി സ്കിറ്റ് etc... | ക്ലാസ് റൂം | ഇംഗ്ലീഷ് ടീച്ചർ | |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ് അവതരിപ്പിക്കൽ | ക്ലാസ് റൂം | ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ക്ലബ് |
| കവിതാലാപനത്തിനും കവിതരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനം | സബ്ജക്റ്റ് കൺവീനർ | ഇംഗ്ലീഷ് ക്ലബ് |
| | കവിത രചന, കവിതാലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. | ക്ലാസ് തല സ്കൂൾതല പ്രവർത്തനങ്ങൾ | സബ്ജക്റ്റ് കൺവീനർ | ഇംഗ്ലീഷ് ക്ലബ് |
| സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | വീഡിയോ കോൺഫറൻസ്, ഇംഗ്ലീഷ് സിനിമ കാണാനുള്ള അവസരം | സ്കൂൾതല പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ക്ലബ് മാനേജ്മെന്റ് |
| സംവാദ സദസ്സുകൾ സംഘടിപ്പിക്കൽ | നാറ്റീവ് സ്പീക്കേഴ്സ് ആയി സമയം ചിലവഴിക്കാനും സംവാദങ്ങൾ നടത്താനും സന്ദർഭം ഒരുക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്നോ രണ്ടോ തവണകൾ | ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ക്ലബ് മാനേജ്മെന്റ് |

| ഹിന്ദി മാസ്റ്റർ പ്ലാൻ | | |
|---|---|---|
| ഹിന്ദി അസംബ്ലി | കാലയളവ് | മോണിറ്ററിങ്/ചുമതല/സാമ്പത്തികം |
| | | |
| **ഹിന്ദി ലൈബ്രറി**<br>ഓരോ ക്ലാസ്സിലെയും ക്ലാസ്സ് ലൈബ്രറി നിർമ്മാണം ക്ലാസ്സിന്റെ നിലവാരമനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പുകൾ എഴുതുന്നു. | ജൂൺ 2023 മുതൽ | അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ, പി.ടി.എ |
| **ഹിന്ദി ഡിജിറ്റൽ ലൈബ്രറി**<br>വായന സാമഗ്രികളുടെ ഡിജിറ്റൽ റിസോഴ്സ് വായന പ്രോത്സഹിപ്പിക്കുന്നു. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് അംഗങ്ങൾ |
| **ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ**<br>തുറക്കുന്ന ആഴ്ചയിൽ ക്ലബ് രൂപീകരണവും പദ്ധതി തയ്യാറാക്കലും ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപകൻ<br>ഹിന്ദി ക്ലബ് അംഗങ്ങൾ<br>പ്രധാന അധ്യാപകൻ |

| ഹിന്ദി മാസ്റ്റർ പ്ലാൻ | | |
|---|---|---|
| ഹിന്ദി അസംബ്ലി | കാലയളവ് | മോണിറ്ററിങ്/ചുമതല/സാമ്പത്തികം |
| | | |
| പാഠഭാഗങ്ങൾ ഐ.സി.ടി സഹായത്തോടെ ലളിതമാക്കുന്നു. പ്രധാനപ്പെട്ടവ പി.പി.ടി.സി തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും.<br>ഹിന്ദി പ്രവർത്തന ബോർഡ് ഓരോ ക്ലാസ്സിലും തയ്യാറാക്കി വയ്ക്കുന്നു.<br>ദിനാചരണങ്ങൾ ഹിന്ദിയിൽ | ജൂൺ 2023 മുതൽ | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, നാട്ടുകാർ |
| ദിനാചരണങ്ങൾ ക്ലബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂം പ്രവർത്തനവുമായി ബന്ധിച്ചു കൊണ്ട് നടത്തുന്നു. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപകൻ<br>ഹിന്ദി ക്ലബ് അംഗങ്ങൾ |
| ഹിന്ദി ചിത്രം ലഭ്യമാക്കൽ<br>ഹിന്ദി പത്രങ്ങൾ ലഭ്യമാക്കുക. ഇന്റർനെറ്റിൽ നിന്നും ഈ പേപ്പർ പ്രിന്റ് എടുത്ത് വായനയ്ക്ക് അവസരം നൽകുന്നു. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് അംഗങ്ങൾ<br>പ്രധാന അധ്യാപകൻ |

| ഹിന്ദി മാസ്റ്റർ പ്ലാൻ | | |
|---|---|---|
| ഹിന്ദി അസംബ്ലി | കാലയളവ് | മോണിറ്ററിങ്/ചുമതല/സാമ്പത്തികം |
| | | |
| എന്റെ പുസ്തകം (ഹിന്ദി)<br><br>ഓരോ കുട്ടിയും അവന്റെ പുസ്തകത്തിന് അവർക്ക് ഇഷ്ടപ്പെട്ട പേര് നൽകുന്നു. ഹിന്ദിയുമായി ബന്ധപ്പെട്ട എന്തും രേഖപ്പെടുത്താം. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് അംഗങ്ങൾ<br>പ്രധാന അധ്യാപിക |
| പ്രശ്നോത്തരി (ആഴ്ചയിൽ ഒന്ന്)<br><br>എല്ലാ വെള്ളിയാഴ്ചയും ഹിന്ദി സാഹിത്യം, പൊതുവിജ്ഞാനം അടിസ്ഥാനമാക്കി ക്വിസ് നടത്തി വിജയികൾക്ക് സമ്മാനം നൽകും. നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി തുടർപ്രവർത്തനത്തിന്റെ ആസൂത്രണം<br><br>നിരന്തര മൂല്യനിർണ്ണയത്തിന് കൂടുതൽ ശ്രദ്ധ നൽകി പഠന | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് അംഗങ്ങൾ<br>പ്രധാന അധ്യാപിക |

| ഹിന്ദി മാസ്റ്റർ പ്ലാൻ | | |
|---|---|---|
| ഹിന്ദി അസംബ്ലി | കാലയളവ് | മോണിറ്ററിങ്/ചുമതല/സാമ്പത്തികം |
| | | |
| പുരോഗതി വിലയിരുത്തി പഠനനേട്ടം നേടിയെന്ന് ഉറപ്പ് വരുത്തുകയും ഇല്ലെങ്കിൽ തുടർപ്രവർത്തനം ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. | ജൂൺ 2023 മുതൽ | ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ് അംഗങ്ങൾ |
| <u>ഹിന്ദി നോട്ടുപുസ്തകം ആകർഷകമാക്കുക.</u> | | |
| ഓര കുട്ടിയുടേയും ഹിന്ദി പുസ്തകം സമഗ്രവും ആകർഷകവുമാക്കുന്നു. ഇതിനായി രക്ഷിതാക്കളുടെ സഹായം തേടുന്നു. | ജൂൺ 2023 മുതൽ | |
| <u>ഹിന്ദി സംസാരിക്കാനുള്ള പ്രത്യേക പരിശീലനം</u> | | |
| ഹിന്ദി സംസാരിക്കാനുള്ള പരിശീലനം പഠന സമയം കണ്ടെത്തി നൽകുന്നു. | സെപ്റ്റംബർ മുതൽ | |
| ഹിന്ദി കലോത്സവം | | |
| ഹിന്ദി വാരാഘോഷം നടക്കുന്ന സമയത്ത് | | |

| ഹിന്ദി മാസ്റ്റർ പ്ലാൻ | | |
|---|---|---|
| ഹിന്ദി അസംബ്ലി | കാലയളവ് | മോണിറ്ററിങ്/ചുമതല/സാമ്പത്തികം |
| | | |
| ഹിന്ദി കലോത്സവം വരെ മികച്ച രീതിയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു.<br><br>ഹിന്ദി കൈയെഴുത്ത് മാസിക<br><br>ജൂൺമാസം മുതൽ തയ്യാറാക്കുന്ന ഉത്പന്നങ്ങൾ ജനുവരി മാസത്തിൽ ഒരുമിച്ച് കൈയെഴുത്ത് മാസികയായി പൊതുവേദിയിൽ പ്രദർശിപ്പിക്കുന്നു. | 2023 ജൂൺ മുതൽ ജനുവരി വരെ | |

## സാമൂഹ്യശാസ്ത്രം

- ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കൽ
- തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടികളെ സജ്ജമാക്കൽ
- ദിനങ്ങൾ ആചരിക്കൽ
- സാമൂഹിക പ്രശ്നങ്ങളിൽ ഇടപ്പെട്ട് നിലപാടുകൾ കൈകൊള്ളുവാനുള്ള കഴിവ് ആർജ്ജിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | **പ്രവർത്തനം 1**<br>സാമൂഹ്യ ശാസ്ത്ര ലാബ് :<br>വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്<br>പ്രധാനധ്യാപിക | |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | **പ്രവർത്തനം 2**<br>പഠനയാത്രകൾ<br>സാമൂഹ്യശാസ്ത്ര പ്രധാന്യം ഉള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | മാസത്തിൽ 1 വീതം എസ്. ആർ.ജി | |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുക. | **പ്രവർത്തനം 3**<br>ഡിബേറ്റ് ക്ലബ്<br>സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെ കുറിച്ച് സംവാദം, സെമിനാർ പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | എസ്. ആർ.ജി | പൂർവ്വ വിദ്യാർത്ഥികൾ |

മേഖല - അക്കാദമികം ഉപമേഖല - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടൽ, വായനയിലേക്ക് നയിക്കൽ | **പ്രവർത്തനം 4** സാമൂഹ്യ ശാസ്ത്ര ലൈബ്രറി<br>അധികവായനക്ക് സഹായിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ഉൾക്കൊള്ളുന്ന ലൈബ്രറി ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | **പ്രവർത്തനം 5**<br>ബുള്ളറ്റിൻ ബോർഡ്<br>വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായൊരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | എല്ലാ പ്രവർത്തിദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

| മേഖല - അക്കാദമികം | | ഉപമേഖല - സോഷ്യൽ സയൻസ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ | **പ്രവർത്തനം 6** മോക്ക് പാർലമെന്റ് പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി | കാലവർഷ സമ്മേളനം തുലാവർഷ സമ്മേളനം ഓണക്കാല സമ്മേളനം ക്രിസ്തുമസ് സമ്മേളനം വേനൽക്കാല സമ്മേളനം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| പ്രത്യക്ഷാനുഭവത്തിലൂടെ പഠനം ആസ്വാദ്യമാക്കുന്നതിന് | **പ്രവർത്തനം 7** പുരാവസ്തു/ മണ്ണ്/സസ്യജാലങ്ങൾ/വിവിധ ഭൂപടങ്ങൾ/ നാണയങ്ങൾ എന്നിവയുടെ പ്രദർശനം | | | |
| സാമൂഹ്യ ശാസ്ത്ര പരമായ അറിവുകൾ പങ്കുവയ്ക്കുന്നതിനും കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും | **പ്രവർത്തനം 8** സാമൂഹ്യ ശാസ്ത്രമേള സാമൂഹ ശാസ്ത്രത്തിന്റെ വിവിധ മേഖലകളെ കൂട്ടിയണക്കി സ്റ്റിൽ മോഡൽ പ്രദർശനം എന്നിവ സജ്ജീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

## ശാസ്ത്രം

**ലക്ഷ്യങ്ങൾ :**

1. ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക.
2. ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വികസിപ്പിക്കുക.
3. ശാസ്ത്രരംഗത്തെ നൂതനപ്രവർത്തനങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക
4. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ (ICT) ഉപയോഗിച്ച് പഠിപ്പിക്കുന്നു.
5. ശാസ്ത്ര ക്ലബ് / പ്രവർത്തനങ്ങൾ
6. ശാസ്ത്ര പ്രദർശനം, മാഗസിൻ, ജേർണലുകൾ, SC കോർണർ, ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ
7. പോഷകാഹാരവും ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (eg : ഉച്ചഭക്ഷണം, ശുചിത്വം)
8. കൃഷി, ജൈവവൈവിധ്യ പാർക്കുകൾ
9. ആരോഗ്യ വിദ്യാഭ്യാസം (ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ)
10. രക്ഷിതാക്കളും സമൂഹവുമായുള്ള ബന്ധം (eg : ക്ലാസ്സ് പി.ടി.എ, പഠനയാത്രകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ)

| മേഖല - ഹൈസ്കൂൾ | | ഉപമേഖല - സയൻസ് - 2025 - 26 | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| **കൗതുക കാഴ്ചയി ലൂടെ** കൗതുകം, ജിജ്ഞാസ നിരീക്ഷണം പാടവം എന്നിവ പരി പോഷിപ്പി ക്കുക | ലഘുപരീക്ഷ ണങ്ങൾ ക്ലാസുക ളിൽ കുട്ടികൾ തന്നെ അവതരിപ്പി ക്കുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട് ചിത്ര ങ്ങൾ, മോഡലു കൾ തയ്യാറാക്കു ന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാ പകർ | പി.ടി.എ |
| **ശാസ്ത്ര ലോക ത്തേക്ക്** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവര ങ്ങൾ വിശക ലനം ചെയ്യാ നുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടി കൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകു ന്നു. ശാസ്ത്ര പ്രദർശനം നടത്തു ന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാ പകർ | സയൻസ് ക്ലബ് |
| മാനവികത യിൽ ഊന്നി യുള്ള ശാസ്ത്ര ബോധം വളർത്തുന്നു | ക്ലാസുകളിൽ ശാസ്ത്രമാസിക പരിചയപ്പെടു ത്തുന്നു സയൻസ് ലാബ് പരിചയപ്പെടു ത്തുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാ പകർ | സയൻസ് ക്ലബ് |

മേഖല - ഹൈസ്കൂൾ ഉപമേഖല - സയൻസ് - 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | തണൽ വൃക്ഷ ങ്ങൾ നട്ട് പിടിപ്പി ക്കൽ ഉള്ള സൗക ര്യത്തിൽ ഔഷധ ത്തോട്ടവും പച്ചക്ക റിത്തോട്ടവും നിർമ്മിക്കൽ<br>സമ്പൂർണ പ്ലാസ്റ്റിക് നിരോ ധിത ക്യാമ്പസ്<br>ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അദ്ധ്യാ പകർ<br>സയൻസ് ക്ലബ്<br>ആരോഗ്യ ക്ലബ്<br>സയൻസ് ക്ലബ് | കൃഷിവകുപ്പ്<br>രക്ഷിതാക്കൾ |

# മാത്തമാറ്റിക്സ്

1. ഗണിതലാബ് രൂപീകരിക്കുക — സാമ്പത്തികം
2. ഗണിതലൈബ്രറി ശാക്തീകരിക്കുക. — 1,00000
3. VIII -ാം ക്ലാസ്സിലെ അടിസ്ഥാനശേഷി വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ

(a) സർവ്വസമത - വിവിധതരം ത്രികോണങ്ങൾ വരച്ച് വെട്ടിയെടുത്ത് ആശയം വ്യക്തമാക്കൽ.

(b) ബഹുഭുജങ്ങളുടെ ആന്തരകോണുകളുടെ തുക, ബാഹ്യകോണുകളുടെ തുക ഇവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. വിവിധ ബഹുഭുജ ങ്ങളുടെ നിർമ്മാണം, പട്ടികപ്പെടുത്തൽ എന്നിവ. സമബഹുഭുജങ്ങൾ, പ്രത്യേകതകൾ കണ്ടെത്തൽ

(c) **ചതുർഭുജങ്ങളുടെ നിർമ്മിതി** :- വിവിധ തരം ചതുർഭുജങ്ങൾ പരിചയ പ്പെടുത്തുക, പ്രത്യേകതകൾ കണ്ടെത്തുക, സമാന്തര വര വരപ്പിക്കാ നുള്ള പരിശീലനം നൽകുക, ഉപകരണങ്ങൾ ഉപയോഗിച്ച് BB യിൽ വരച്ചു കാണിക്കുക, ചതുർഭുജങ്ങളുടെ നിർമ്മിതികൾ ഉപയോഗിച്ച് വിവി ധതരം രൂപങ്ങൾ വരക്കുക.

(d) **ചതുർഭുജങ്ങളുടെ പരപ്പളവ്** :- വിവിധ ചതുർഭുജങ്ങളുടെ പരപ്പളവ് കണ്ടെത്തുന്നതിനുള്ള സൂത്രവാക്യങ്ങൾ സ്വായത്തമാക്കുന്നു.

(e) അധിസംഖ്യകൾ, ന്യൂനസംഖ്യകൾ ഇവയുടെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവ പട്ടിക തയ്യാറാക്കുക. വർക്ക് ഷീറ്റ് തയ്യാറാക്കുക.

(f) ഭിന്നസംഖ്യകളുടെ ചതുഷ്ക്രിയകൾ .......

(g) പരപ്പളവ് - ചതുർഭുജത്തിന് തുല്യപരപ്പളവുള്ള ത്രികോണം നിർമ്മിക്കുന്ന പ്രവർത്തനം

(h) വൃത്തങ്ങളുടെ അളവുകൾ, ചാപനീളം, വൃത്താംശത്തിന്റെ പരപ്പളവ് ഇവ കണ്ടെത്തുന്നു. പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.

(i) രേഖീയസംഖ്യകൾ പരിചയപ്പെടുത്തുന്നു. സംഖ്യാരേഖയിൽ അകലം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

(j) സ്തംഭങ്ങൾ :- പ്രാക്ടിക്കൽ വർക്ക് ആയി സ്തംഭങ്ങൾ ഉണ്ടാക്കി ഉപരി തല പരപ്പളവ്, വ്യാപ്തം കണ്ടെത്തുക.

മേഖല - അക്കാദമികം ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു. പരിഹാര പ്രവർത്തനങ്ങൾ ചെയ്യുന്നു. (നോട്ട് ബുക്ക്) | ജൂൺ ആദ്യത്തെ 2 ആഴ്ച | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | അധ്യാപകർ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപ്പെട്ടി ഉപയോഗിച്ച് | തുടർപ്രവർത്തം | | |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | സെമിനാർ സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ നൽകുന്ന പ്രവർത്തനം | അധ്യാപകർ | ഗണിതക്ലബ് |
| ഗണിതാശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | വിവിധ ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനം | വർഷത്തിൽ ഒന്ന് | അധ്യാപകർ നിർമ്മിതികളിൽ താത്പര്യം ഉള്ള കുട്ടികൾ | |

മേഖല - അക്കാദമികം ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകർ കാലാനു സൃതമായി ചെയ്ത കാര്യങ്ങൾ തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടി സ്ഥാനം ഉറ പ്പിക്കുന്നു | അധ്യാപകരുടെ ഇടപെടൽ, ചർച്ച പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളി ലൂടെ ലക്ഷ്യം കൈവരിക്കുന്നു. | വർഷം മുഴുവനും ഉള്ള പ്രവർത്തനം | അധ്യാപ കർ | |
| ഗണിത മത്സര വേദി യിലേക്ക് മേളകളിൽ ഊർജ്ജസ്വ ലത കൈവ രിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ<br>ഗണിത ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല ക്വിസ് മത്സരം നടത്തു ന്നു. സ്കൂൾതല ഗണിത ശാസ്ത്ര മേള നടത്തുന്നു. | സെപ്തം ബർ, ഒക്ടോ ബർ മാസ ങ്ങളിൽ നട ത്തുന്നു. | അധ്യാപ കർ ഗണിത ക്ലബ് സെക്ര ട്ടറി | അധ്യാപകർ |
| രക്ഷിതാ ക്കളെ ബോധവ ത്ക്കരിക്കൽ | മാസംതോറും ക്ലാസ് പരീക്ഷകൾ നടത്തുന്നു.<br>എന്റെ കണക്ക് പുസ്തകം | മാസം തോറും നട ത്തുന്നു | ഗണിത അധ്യാപ കർ | |

## എച്ച്.എസ്.എസ്. വിഭാഗം

**ലക്ഷ്യം :-**

ശരാശരിയിൽ താഴെ നിൽക്കുന്ന പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിക ളുടെ വിജയശതമാനം വർദ്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

ക്ലാസ്സ് ഗ്രൂപ്പ് തരംതരിക്കൽ

അധിക ക്ലാസ്സ് കൊടുക്കുക

പ്രവർത്തനാധിഷ്ഠിത ക്ലാസ്സ് റൂം.

ടെസ്റ്റ് സീരീസ്

മെമ്മറി ടിപ്സ്

മാനസിക സംവാദം

വായനയെ പ്രോത്സാഹിപ്പിക്കുക

സമ്മാനങ്ങൾ നൽകുക.

**ക്ലാസ്സ് ഗ്രൂപ്പ് അവതരിപ്പിക്കൽ**

കുട്ടികളെ ഗ്രൂപ്പായി തരം തിരിക്കണം. അതിൽ പഠനത്തിൽ മുൻപിൽ നിൽക്കുന്നവരും പുറകോട്ട് നിൽക്കുന്നവരുമായ കുട്ടികൾ ഉണ്ടാകം. ഓരോ ഗ്രൂപ്പിലും പഠനത്തിൽ ശോഭിച്ചു നിൽക്കുന്ന രണ്ട് കുട്ടിയെയെങ്കിലും ഉൾകൊ ള്ളിക്കണം. എല്ലാവർക്കും സംസാരിക്കാനുള്ള അവസരങ്ങൾ കൊടുക്കേണ്ട താണ്. പുറകോട്ട് നിൽക്കുന്നവരെ മുന്നോട്ട് വന്ന് സംസാരിക്കാനുള്ള ധൈര്യം നൽകേണ്ടതാണ്.

**അധിക ക്ലാസ്സ്**

ചില വിഷയങ്ങൾ എല്ലാ കുട്ടികൾക്കും എളുപ്പം ഗ്രാഹ്യമാകുന്നതല്ല. അതതു വിഷയങ്ങളിലെ അധ്യാപകർ പ്രസ്തുത വിഷയങ്ങളിൽ പുറകോട്ട് നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തിഅവർക്ക് പ്രത്യേക കോച്ചിംഗ് കൊടു ക്കേണ്ടതാണ്. മോണിംഗ് ക്ലാസ്സുകളും ഈവനിംഗ് ക്ലാസ്സുകളും ആ കുട്ടി കൾക്ക് മാത്രമായി നൽകിയാൽ പഠനനിലവാരം മെച്ചപ്പെടും. സംശയമുള്ളവ ദൂരീകരിക്കാനും ഇതിലൂടെ സാധിക്കും.

## പ്രവർത്തനാധിഷ്ഠിത ക്ലാസ്സ് റൂം

സയൻസ് വിഷയങ്ങളിൽ പരീക്ഷണങ്ങളും ആക്ടിവിടികളും കൊടുക്കാം. കുട്ടികളെക്കൊണ്ട് തന്നെ ചെയ്യിക്കണം. ക്ലാസ്സ് എടുക്കുന്നതിനേക്കാൾ ഫലപ്രദമായിരിക്കും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സുകൾ എടുക്കുന്നത്. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഇത് വളരെയധികം സഹായകരമാണ്. വായിച്ചു പഠിക്കുന്നതിനേക്കാൾ ചെയ്ത് പഠിക്കുന്നത് അവർക്ക് പരീക്ഷയ്ക്ക് ഓർമ്മിക്കാൻ സഹായകമാണ്. ഗെയിമുകളും പസിലുകളും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

## ടെസ്റ്റ് സീരീസ്

പരീക്ഷയുടെ റിവിഷൻ സമയത്ത് കൊടുക്കാൻ പറ്റിയ നല്ലൊരു മാർഗ്ഗമാണ് ടെസ്റ്റ് സീരീസ്. ടെസ്റ്റ് സീരീസ് എന്നാൽ നിരന്തരമായ പരീക്ഷകൾ നടത്തലാണ്. മൂന്ന് പാഠഭാഗങ്ങൾ പഠിച്ചതിനു ശേഷം അതിലെ ചോദ്യങ്ങൾ മാത്രം ഉൾപ്പെടുത്തി കൊണ്ട് പരീക്ഷകൾ നടത്താവുന്നതാണ്. സ്റ്റഡി ഹോളിഡെയ്സിൽ ആവറേജിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് ഈ മാർഗ്ഗം ഉപയോഗപ്പെടുത്താവുന്നതാണ്.

## മെമ്മറി ടിപ്സ്

സയൻസ് വിഷയങ്ങളിൽ ഒരുപാട് പ്രയാസകരമായ വാക്കുകളുണ്ട്. എല്ലാം കുട്ടികളുടെ ഓർമ്മയിൽ നിൽക്കാറില്ല. ചില പ്രവർത്തനങ്ങൾ അനുക്രമമായി ഓർത്തെടുക്കാനും പ്രയാസമാണ്. അതിന് ചില സൂത്രങ്ങളും കോഡുകളും കൊടുക്കാം.

## മാനസിക സംവാദം

എല്ലാ കുട്ടികളും പല കുടുംബപശ്ചാത്തലത്തിൽ നിന്നും വന്നു ചേർന്നിട്ടുള്ളവരാണ്. അതവരുടെ പഠനത്തെ അനുകൂലമായും പ്രതികൂലമായും ബാധിക്കാറുണ്ട്. അവരെ സ്റ്റാഫ് റൂമിലേക്ക് വിളിച്ചു വരുത്തി അവരോട് സംസാരിച്ച് പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കണം.

## വായനയെ പ്രോത്സാഹിപ്പിക്കാം

വായിച്ചു പഠിക്കേണ്ട പല വിഷയങ്ങളും കുട്ടികൾക്കുണ്ട്. വായനക്ക് താത്പര്യമില്ലാത്ത കുട്ടികൾ പഠനത്തിൽ പിന്നിലായിരിക്കും. അങ്ങനെയുള്ളവർക്ക് സയൻസ് അഭിരുചിയുള്ള ചില പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് എടുത്ത് കൊടുക്കേണ്ടതാണ്.

**സമ്മാനങ്ങൾ നൽകും**

കുട്ടികളെ പഠനത്തിൽ അഭിരുചി വളർത്താൻ സഹായകരമാണ്.

**CWSN കുട്ടികൾ**

സവിശേഷ പരിഗണ അർഹിക്കുന്ന കുട്ടികൾക്ക് പരിഗണ നൽകണം.

ഇത്തരം കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തൽ, മെച്ചപ്പെടുത്തൽ

കുട്ടികളെ മാത്രമല്ല, കുടുംബം നേരിടുന്ന പ്രശ്നങ്ങളെക്കൂടി മനസ്സിലാക്കണം

റിസോഴ്സ് അധ്യാപകരുടെ സഹായം തേടൽ

ഇത്തരം കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വേദികൾ.

## ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ

| | | |
|---|---|---|
| ❖ | ഷെൽഫ് സൗകര്യത്തോടുകൂടിയ ക്ലാസ് മുറികൾ | 2,00,000 |
| ❖ | സ്വതന്ത്രമായി കളിക്കാനാവശ്യമായ ഗ്രൗണ്ട് | 5,00,000 |
| ❖ | കമ്പ്യൂട്ടർ ലാബിലേക്ക് ആവശ്യമായ ലാപ്ടോപ്പുകൾ | 1,00,000 |
| ❖ | എൽ.പി, യു.പി, എച്ച്.എസ്.എസ്, വേർതിരിച്ചുള്ള ലൈബ്രറികൾ | 3,00,000 |
| ❖ | CWSN കുട്ടികൾക്കാവശ്യമായ റൂമുകൾ, സാമഗ്രികൾ | 1,00,000 |
| ❖ | നൂതനമായ ലാബ് സൗകര്യങ്ങൾ | |
| ❖ | കുട്ടികൾക്ക് പരിപാടി നടത്താൻഉതകുന്ന ഹാളുകൾ | 10,000 |
| ❖ | ചുമരുകൾക്ക് മനോഹരമായ പെയ്ന്റുകൾ | 1,00,000 |

## ടാലന്റ് ലാബ്

### 1. പ്രവർത്തി പരിചയം

ലക്ഷ്യങ്ങൾ :

- ❖ പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കൽ

## നിർമ്മാണാത്മകമായ കഴിവുകൾ

**പ്രവർത്തനങ്ങൾ**

- ❖ ക്ലേ മോഡലിംഗ്, സോപ്പ് പൊടി, സോപ്പ് മുതലായവയുടെ നിർമ്മാണം, പെയ്ന്റിംഗ്, പേപ്പർ ക്യാരിബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം

സാമ്പത്തികം : 50,000/-

### 2. കലാപരിശീലനം

**ലക്ഷ്യങ്ങൾ**

- ❖ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തൽ
- ❖ കലാഭിരുചി വളർത്തൽ
- ❖ ആധുനിക സാങ്കേതിക സാധ്യതകൾ കലാപരിശീലനത്തിൽ പ്രയോജനപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

- ❖ കവിതരചന, കഥാരചന, മറ്റ് പ്രവർത്തനങ്ങൾ എന്നിവ നടത്തൽ
- ❖ ശില്പശാല സംഘടിപ്പിക്കൽ
- ❖ യുവജനോത്സവ വേദികളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുള്ള മത്സര പരിപാടികൾ സംഘടിപ്പിക്കൽ
- ❖ സാഹിത്യസമാജം തുടങ്ങിയവ

## സ്പോർട്സ്

**ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

- ❖ എല്ലാ കുട്ടികളുടേയും കായികക്ഷമത ഉറപ്പുവരുത്താൻ ആരോഗ്യ ശീലങ്ങൾ വളർത്തൽ
- ❖ സ്കൂൾതല സ്പോർട്സ് മത്സരങ്ങൾ കാര്യക്ഷമമാക്കണം
- ❖ യോഗ, കരാട്ടെ, കളരിപ്പയറ്റ് മുതലായ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകണം.
- ❖ പി.ടി. പിരീഡുകൾ കാര്യക്ഷമമാക്കണം.

**ചുമതല**

- ❖ അധ്യാപകർ

## ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

- ❖ പത്താംക്ലാസ്സിലെ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകൾ
- ❖ പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി 01.15 ന് അധികപഠന ക്ലാസ്സ്
- ❖ സ്മാർട്ട് ഇംഗ്ലീഷ് ക്ലാസ്
- ❖ റിവിഷൻ പാക്കേജ്
- ❖ എച്ച്.എസ്.എസ്. കുട്ടികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ
- ❖ ലഹരിവിരുദ്ധ ക്ലാസുകൾ.
- ❖ കോവിഡ്കാലത്തെ ലോക് ഡൗണുമായി ബന്ധപ്പെട്ട് കുട്ടികളിലെ പഠനമികവ് പരിഹരിക്കൽ

## പോരായമകൾ

- ❖ എൽ.പി, യു.പി ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്കായി അടുക്കളത്തോട്ടം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു
- ❖ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഒന്നരുച്ചിരുന്നു കാര്യപരിപാടികൾ ആസ്വദിക്കാനുള്ള സ്റ്റേജിന്റെ അപര്യാപ്തത നികത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.
- ❖ സ്കൂളിന്റെ ഭീമമായ വൈദ്യുത ചാർജ്ജ് പരിഹരിക്കുന്നതിനായി സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്.

# ഉപസംഹാരം

എം.ആർ.ആർ.എം.എച്ച്.എസ്. സ്കൂളിലെ അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഈ രേഖ തയ്യാറാക്കുന്നതിന് സഹകരിച്ച എസ്.ആർ.ജി കൺവീനർമാരെ നന്ദിപൂർവ്വം സ്മരിക്കുകയാണ്.

ചാവക്കാട് ഹെഡ്മിസ്ട്രസ്സ്